# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 237 — 07.12.2018-ൽ മറുപടിയ്ക്ക്

## ജനപങ്കാളിത്തത്തോടെ വനസംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, ജോർജ്ജ് എം.തോമസ്<br>,, എം.സ്വരാജ്<br>,, ഡി.കെ.മുരളി | അഡ്വ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) ജനപങ്കാളിത്തത്തോടെ വനസംരക്ഷണം സാധ്യമാക്കുന്നതിനും കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ ; | എ) വനമേഖലയ്ക്ക് പുറത്തുള്ള വനവൽക്കരണം ജനപങ്കാളിത്തത്തോടു കൂടി സാമൂഹ്യവനവൽക്കരണ വിഭാഗം നടത്തി വരുന്നു. 24.12.2016-ലെ ജി.ഒ.(ആർ.റ്റി) 485/16/വനം പ്രകാരം ഏക്കറിന് 4000 രൂപ (നാലായിരം രൂപ മാത്രം) എന്ന തോതിൽ കണ്ടലുകൾ സംരക്ഷിക്കുന്നതിനുള്ള പ്രോൽസാഹന ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.Conservation and Management of Mangroves എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണവും, കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട് കൂടാതെ കണ്ടൽചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി വെറ്റ്ലാന്റ് കൺസർവേഷൻ സ്കീം പ്രകാരം കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികൾ നടത്തി വരുന്നു. കണ്ണൂർ റീജിയണിൽ തീരദേശമേഖലയിൽ പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമായി കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നടത്തിയിട്ടുണ്ട് മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കണ്ടൽകാട് സംരക്ഷണ പദ്ധതിയുടെ ഭാഗമായി കണ്ടൽ തൈകളോടൊപ്പം തീരദേശപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് തുടങ്ങിയവയും നട്ടുപിടിപ്പിച്ചിട്ടുണ്ട് കണ്ടൽ കാടുകളുടെ സംരക്ഷണത്തിനായി കണ്ടൽ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട് |
| ബി) വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ സ്ഥലം കൈമാറ്റത്തിനും കൃഷിയിറക്കുന്നതിനും തടസ്സങ്ങൾ നേരിടുന്നത് ഒഴിവാ | ബി) സർവ്വേ നടത്തി വനാതിർത്തി നിർണ്ണയിച്ച് ജണ്ട സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തി |

ക്കാനും വനം സംരക്ഷിക്കുന്നതിനുമായി സർവ്വെ നടത്തി അതിർത്തി തിരിച്ച് ജണ്ട സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തര മായി പൂർത്തിയാക്കാൻ നടപടി സ്വീകരി ക്കുമോ ;

യാക്കാൻ നടപടിസ്വീകരിച്ചു വരുന്നു. 2018 ഏപ്രിൽ മാസം അവശേഷിക്കുന്നതായി കണക്കാക്കിയ 2641 - കിലോമീറ്ററോളം വനാതിർത്തി സർവ്വെ ചെയ്ത് ജണ്ട ഇട്ട് തിരിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു.

സി) വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് ഒഴിവാക്കാനായി വനത്തിനുള്ളിലെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും വനത്തിനുള്ളിൽ മൃഗങ്ങളുടെ തീറ്റ ലഭ്യത വർദ്ധിപ്പിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

സി) സംസ്ഥാനത്തെ കാടുകളിലെ ജലസ്രോതസുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക്ഡാമുകളും 500-ഓളം ജല സ്രോതസുകളും നവീകരിച്ചു. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിച്ചു വരുന്നു. വനത്തിനുള്ളിലെ വയലുകൾ സംരക്ഷിക്കുന്നതിനും അതുവഴി മഴക്കാലത്ത് പരമാവധി ജല സംഭരണം ഉറപ്പുവരുത്തി സമീപ പ്രദേശത്തുള്ള നീരുറവകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട് ആയതിന്റെ ഫലമായി വന്യമൃഗങ്ങൾ ഭക്ഷണത്തിനും, വെള്ളത്തിനും വേണ്ടി ജനവാസ മേഖലയിലേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞിട്ടുണ്ട്

ഡി) വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം അറിയിക്കാമോ ; ?

ഡി) വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധകിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങ

ളിൽ നിന്നും അകലെയുള്ള വന മേഖലയി ലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസി കൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതി കൾ ഒഴിവാക്കുന്നതിനായി കർഷകർക്കിട യിൽ അവബോധം സൃഷ്ടിക്കുന്ന തിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മത ത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി കൾ.

8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭര ണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്ന തിനും വനവത്ക്കരണം നടത്തുന്നതിനു മുള്ള നടപടികൾ.

10. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാ ക്കുന്ന കുരങ്ങുകളെ പിടിച്ചു മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത ത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

12. ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക്

എസ്.എം.എസ് മുഖാന്തിരം അറിയിപ്പു നൽകി അപകടം കുറയ്ക്കുന്നതിനുള്ള

Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്

ജനപങ്കാളിത്തത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പഞ്ചായത്ത്-മുൻസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട് 07.02.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്- മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനംഉദ്യോഗസ്ഥരും ചേർന്നുള്ള ഒരു സമിതിയാണ് ടി ജനജാഗ്രതാസമിതി. 204 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്തൊട്ടാകെ ഇതിനോടകം നിലവിൽ രൂപീകരിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ